പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 157 | 14.08.2017 -ൽ മറുപടിക്ക്.

## റേഷൻ വിതരണ സംവിധാനം അഴിമതിരഹിതമാക്കാൻ കർമ്മപദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.കെ.ഡി. പ്രസേനൻ** | **ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ വിതരണ സംവിധാനത്തിലെ അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; | (എ) റേഷൻ സാധനങ്ങളുടെ മറിച്ചു വിൽപന, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധനാ സംവിധാനം വകുപ്പ് തലത്തിൽ നിലവിലുണ്ട്. വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥൻ നിരന്തരം പരിശോധന നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1955 ലെ അവശ്യ സാധന നിയമ പ്രകാരം കർശന നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കൂടാതെ ഓരോ റേഷനിംഗ് ഇൻസ്പെക്ടർമാരും പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്നും ഉറപ്പ് വരുത്തുന്നതിനും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് പരിശോധന ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന/ ജില്ലാതല സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എൻഡ്- ടു -എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഇ-പോസ് മെഷീനുകളുടെ ഉപയോഗം എന്നിവ മുഖമുദ്രയായിട്ടുള്ള ഭക്ഷ്യ ഭദ്രതാ നിയമം 2013 സമ്പൂർണ്ണമായി നടപ്പിൽ വരുന്നതോടെ സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല കൂടുതൽ കാര്യക്ഷമമവും, സുതാര്യവും, അഴിമതി രഹിതവും ആകും. |
| (ബി) റേഷൻ സാധനങ്ങളുടെ ചോർച്ച തടയുന്നതിന് റേഷൻ കടകളിൽ സാധനങ്ങളെത്തിക്കുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (ബി) റേഷൻ സാധനങ്ങൾ കൊണ്ടു പോകുന്ന വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിക്കുന്ന പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സപ്ലൈകോ സ്വീകരിച്ചു വരുന്നു. |

(സി) ഈ രംഗത്തെ അഴിമതി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന-ജില്ലാ-താലൂക്ക്-ന്യായവിലക്കട തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുകയും സോഷ്യൽ ഓഡിററിംഗ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ ?

(സി) TPDS 2001 പ്രകാരം സംസ്ഥാനത്ത് സംസ്ഥാന/ജില്ല/താലൂക്ക്/പഞ്ചായത്ത് തല വിജിലൻസ് സമിതികൾ രൂപീകരിച്ചിരുന്നു. 2013 ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, സംസ്ഥാന, ജില്ല, ബ്ലോക്ക് റേഷൻ ഡിപ്പോ തലത്തിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ടി നിയമത്തെ ആസ്പദമാക്കിയിട്ടുള്ള ചട്ടങ്ങൾ രൂപവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സോഷ്യൽ ആഡിറ്റിംഗ് നടത്തുന്നതിനായി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് എന്ന സംഘടനയെ സമീപിക്കുകയും ടി സംഘടന ആഡിറ്റിംഗ് നടത്തുന്നതിനെപ്പറ്റി ഏകദിന ശില്പശാല സംഘടിപ്പിക്കുകയും സംസ്ഥാനത്തൊട്ടാകെ സോഷ്യൽ ആഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് മറ്റ് സംസ്ഥാനങ്ങളിൽ സോഷ്യൽ ആഡിറ്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് വിശദമായ വിവരങ്ങൾ നല്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ